# പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടറുടെ (അക്കാഡമിക്) നടപടി ഉത്തരവ്

(സാന്നിദ്ധ്യം:- ശ്രീ. ഷൈൻമോൻ.എം.കെ.)

വിഷയം:- പൊതുവിദ്യാഭ്യാസം - RPwD ആക്ട് 2016 ലെ സെക്ഷൻ 2(r), 2(s) പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് 2023 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് നൽകുന്ന പരീക്ഷാ ആനുകൂല്യങ്ങൾ സംബന്ധിച്ച്.

സൂചന:- 1. ഈ ഓഫീസിലെ പരിപത്രം നമ്പർ.ഐ.ഇ.ഡി/618332/2022/ഡി.ജി.ഇ തീയതി 26/08/2022.
2. 04/02/2023 ലെ പരീക്ഷാനുകൂല്യങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ.

**ഉത്തരവ് നം.ഐ.ഇ.ഡി/618332/2023/ഡി.ജി.ഇ തീയതി: 08 /03/2023**

**മേൽ സൂചന പ്രകാരം 2023 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് പരീക്ഷാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിക്കുന്ന ഉത്തരവ്.**

2023 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഭാഗമായി വിദ്യാലയങ്ങളിൽ നിന്ന് പരീക്ഷാനുകൂല്യങ്ങൾക്കായി ലഭിച്ച അപേക്ഷകളിൽ മൂന്നു ഘട്ടമായി 15,721 വിദ്യാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരീക്ഷാനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിരുന്നു.

നാലാം ഘട്ടമായി ലഭിച്ച അപേക്ഷകളിൽ സ്പെഷ്യൽ ഓർഡർ ഉൾപ്പെടെ 2364 വിദ്യാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരീക്ഷാനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ച് നൽകുന്ന പരീക്ഷാനുകൂല്യങ്ങൾ സ്ക്രൈബ് / ഇന്റർപ്രെട്ടർ എന്നിവരുടെ സേവനം ഉൾപ്പെടെ പരീക്ഷാർത്ഥികൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.

പരീക്ഷാ കേന്ദ്രങ്ങളിലെ ചീഫ് സൂപ്രണ്ടുമാർ ഭിന്നശേഷി വിഭാഗം പരീക്ഷാർത്ഥികൾക്കായി ഏറ്റവും സൗകര്യപ്രദമായി, വിദ്യാലയത്തിന്റെ പ്രധാന കവാടത്തിന് സമീപത്തായി താഴത്തെ നിലയിൽ തന്നെ ക്ലാസ്സ് മുറി ഒരുക്കേണ്ടതാണ്. ഇവർക്കായി സജ്ജീകരിക്കുന്ന ക്ലാസ്സ് മുറിയിൽ ഇൻവിജിലേറ്ററെ നിർബന്ധമായും നിയമിക്കേണ്ടതാണ്. പഠന വൈകല്യം (Specific Learning Disability) നേരിടുന്ന വിദ്യാർത്ഥികൾക്ക് 8 പേർക്ക് ഒരു വ്യാഖ്യാതാവ്, മറ്റു വിഭാഗങ്ങളിലെ പരീക്ഷാർത്ഥികൾക്ക് 4

പേർക്ക് ഒരു വ്യാഖ്യാതാവ് എന്ന ക്രമം പാലിച്ച് സമഗ്ര ശിക്ഷയിലെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ വ്യാഖ്യാതാക്കളായി നിയമിക്കേണ്ടതാണ്.

ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അതിനായി സമഗ്രശിക്ഷയുടെ ജില്ലാ ഓഫീസിൽ നിന്ന് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ലിസ്റ്റ് ശേഖരിക്കേണ്ടതും, നിയമന ഉത്തരവുകൾ യഥാസമയം നൽകേണ്ടതുമാണ്. സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ആവശ്യത്തിന് ലഭ്യമാകാത്ത സാഹചര്യത്തിൽ പൊതുവിദ്യാലയങ്ങളിലെ പ്രൈമറി വിഭാഗം അധ്യാപകരെ വ്യാഖ്യാതാക്കളായി നിയമിക്കാവുന്നതാണ്. വ്യാഖ്യാതാക്കളെ നിയമിക്കുന്ന കാര്യത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം ശ്രദ്ധയും അതീവ സൂക്ഷ്മതയും പാലിക്കേണ്ടതാണ്.

സ്ക്രൈബിന്റെ സേവനം അനുവദിച്ചിട്ടുള്ള പരീക്ഷാർത്ഥികൾക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ സ്ക്രൈബിനെ നിയോഗിച്ച് ഉത്തരവ് നൽകേണ്ടതാണ്. സ്ക്രൈബായി നിയോഗിക്കപ്പെടുന്ന വിദ്യാർത്ഥിയുടെ വിദ്യാഭ്യാസ യോഗ്യത പരീക്ഷാർത്ഥിയേക്കാൾ താഴെ ആയിരിക്കണം. സ്ക്രൈബിന്റെ ചുമതല ഏറ്റെടുക്കുന്ന വിദ്യാർത്ഥി നിശ്ചിത പ്രൊഫോർമ പൂരിപ്പിച്ച് നൽകേണ്ടതാണ്. സ്ക്രൈബായി നിയോഗിക്കപ്പെടുന്നവർക്ക് ഓരോ പരീക്ഷയ്ക്കും 100/- രൂപ വീതം ലഭിക്കുന്നതിന് സ.ഉ. (കയ്യെഴുത്ത്) നം.44/2010/പൊ.വി.വ തീയതി 25/03/2010 പ്രകാരം അർഹത ഉണ്ടായിരിക്കുന്നതാണ്. ഇതിനായുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ഉപഡയറക്ടർമാർ പരീക്ഷാ നടത്തിപ്പിനായുള്ള പരീക്ഷാഭവൻ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്ന് തുക ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പരീക്ഷാ സെന്ററുകളിലെ ചീഫ് സൂപ്രണ്ടുമാർ പരീക്ഷാനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ള പരീക്ഷാർത്ഥികളുടെ പ്രധാന ഉത്തര കടലാസിന്റെ ഏറ്റവും മുകളിലായി ചുവന്ന മഷിയിൽ അനുവദിക്കപ്പെട്ട ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ***പരീക്ഷാ കേന്ദ്രത്തിൽ വച്ച് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ (ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രം, ജ്യോമെട്രിക്കൽ ഫിഗേഴ്സ് എന്നിവയിൽ നിന്നും ഒഴിവാക്കപ്പെടുന്നത്)*** യഥാസമയം ലഭിക്കുന്നു എന്ന് ചീഫ് സൂപ്രണ്ടുമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഗ്രേസ് മാർക്കിന് അർഹതയുള്ള പരീക്ഷാർത്ഥികൾക്ക് ഓരോ വിഷയത്തിനും 25% ഗ്രേസ് മാർക്ക് (വിജയിക്കുന്നതിനുവേണ്ടി മാത്രം) അനുവദിക്കാവുന്നതാണ്. ആയത് പരീക്ഷാ മൂല്യനിർണ്ണയ കേന്ദ്രത്തിൽ വച്ചു തന്നെ അനുവദിക്കേണ്ടതാണ്.

പരിഹാര സമയം അനുവദിക്കപ്പെട്ടിട്ടുളള പരീക്ഷാർത്ഥികൾക്ക് *ഓരോ മണിക്കൂറിനും 20 മിനിറ്റ് വീതം അധികം സമയം അനുവദിക്കാവുന്നതാണ്.* പരിഹാര സമയം മാത്രം അനുവദിച്ചിട്ടുളള പരീക്ഷാർത്ഥികളെ അവരവരുടെ പരീക്ഷാ ഹാളിൽ തന്നെ ഇരുത്തി പരീക്ഷ എഴുതിപ്പിക്കേണ്ടതും, ഇത് പാലിക്കുന്നുണ്ടെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാവിദ്യാഭ്യാസഓഫീസർ എന്നിവർ പ്രത്യേകം ഉറപ്പു വരുത്തേണ്ടതും ആണ്.

ഭാഷാ വിഷയങ്ങൾ, ഗണിതം എന്നിവ ഒഴിവാക്കുന്നവർക്ക് പകരമായി തെരഞ്ഞെടുത്തിട്ടുളള വൊക്കേഷണൽ വിഷയങ്ങൾക്കായി, പൊതുപരീക്ഷകൾക്കു ശേഷം കേരള പരീക്ഷാഭവൻ പ്രത്യേകം പരീക്ഷ നടത്തുന്നതാണ്. പരീക്ഷാ സെന്ററുകൾ, തീയതി എന്നിവ പരീക്ഷാഭവനിൽ നിന്ന് പിന്നീട് അറിയിക്കുന്നതാണ്.

2023-ൽ നടക്കുന്ന സേ പരീക്ഷയ്ക്കും ഈ ഉത്തരവ് ബാധകമായിരിക്കും.

- വ്യാഖ്യാതാവ് ചോദ്യങ്ങൾ വായിച്ച് ലളിതവത്ക്കരിച്ച് നൽകേണ്ടതാണ്. ഏതെങ്കിലും പരീക്ഷാർത്ഥിയുടെ വൈകല്യത്തിന്റെ സ്വഭാവം പരിഗണിച്ച്, വ്യാഖ്യാതാവിനെ സ്വന്തം വിദ്യാലയത്തിൽ തന്നെ നിയമിക്കേണ്ടതുണ്ടെങ്കിൽ, ആയതിനുള്ള അപേക്ഷ ബന്ധപ്പെട്ട പ്രധാനാദ്ധ്യാപകർ, കാര്യകാരണ സഹിതം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ ശുപാർശയോടെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി ഇല്ലാതെ സ്വന്തം വിദ്യാലയത്തിൽ വ്യാഖ്യാതാവായി തുടരുന്നത് അനുവദനീയമല്ല.
- ഗ്രാഫ്, ഡ്രോയിംഗ്, ജ്യോമെട്രിക്കൽ ഫിഗേഴ്സ് എന്നിവ ഒഴിവാക്കുവാൻ അനുവാദം ലഭിച്ചിട്ടുളള പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ മൂല്യ നിർണ്ണയം നടത്തുമ്പോൾ മറ്റ് ചോദ്യങ്ങൾക്ക് ലഭിച്ചിട്ടുളള മാർക്കിന് ആനുപാതികമായി മേൽ ചോദ്യങ്ങൾക്ക് ഗ്രേസ് മാർക്ക് മൂല്യനിർണ്ണയ കേന്ദ്രത്തിൽ നിന്ന് തന്നെ ചീഫ് എക്സാമിനറുടെ അംഗീകാരത്തോടെ Answer Script -ൽ രേഖപ്പെടുത്തേണ്ടതും, ചീഫ് എക്സാമിനർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
- വ്യാഖ്യാതാവിന്റെയോ, സ്ക്രൈബിന്റെയോ സേവനം അനുവദിക്കപ്പെട്ടിട്ടുളള പരീക്ഷാർത്ഥികൾക്കായി പ്രത്യേകം പരീക്ഷാഹാൾ സജ്ജീകരിച്ച് ഇൻവിജിലേറ്ററെ ഈ നിയമിക്കേണ്ടതും മുറികളിൽ കൃത്യസമയത്തു തന്നെ

ചോദ്യപേപ്പർ എത്തിക്കുന്ന കാര്യത്തിൽ ചീഫ് സൂപ്രണ്ട് / ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവർ പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതുമാണ്.

- ഭിന്നശേഷിക്കാരായ പരീക്ഷാർത്ഥികൾ നിശ്ചിത സമയത്തിന് മുമ്പായി പരീക്ഷ എഴുതി പൂർത്തിയാക്കിയാൽ അവരുടെ വൈകല്യത്തിന്റെ സ്വഭാവം പരിഗണിച്ച്, ഉത്തരക്കടലാസും ചോദ്യക്കടലാസും ഇൻവിജിലേറ്ററുടെ കൈവശം തിരികെ ഏല്പ്പിച്ചതിനു ശേഷം പരീക്ഷാ ഹാൾ വിട്ട് പുറത്ത് പോകാൻ അനുവദിക്കാവുന്നതാണ്.
- പരീക്ഷാനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി ഏതെങ്കിലും വിധത്തിലുള്ള ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തുകയാണെങ്കിൽ അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ എപ്പോൾ വേണമെങ്കിലും പിൻവലിക്കാനുള്ള പൂർണ്ണ അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്.
- പൊതുപരീക്ഷകളിലെ പരീക്ഷാനുകൂല്യം സംബന്ധിച്ച് ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി
ഷൈൻമോൻ.എം.കെ
***പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ***
***(അക്കാഡമിക്)***

സ്വീകർത്താവ്:-

1. സെക്രട്ടറി, പരീക്ഷാഭവൻ, തിരുവനന്തപുരം.
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ.
3. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.
4. എല്ലാ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്കും.(ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
5. ഓഫീസ് കോപ്പി.